പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4103 | 20-03-2018 ലെ മറുപടിക്ക്

## ഹരിത കേരളം- പാലക്കാട് ജില്ലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി.പ്രസേനൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ ? | ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജൈവ കൃഷിരീതിയ്ക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷി വികസനം - "സുജലം സുഫലം" എന്ന ഉപദൗത്യത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളാണ് കൃഷി വകുപ്പിലൂടെ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>നെൽകൃഷി വികസന പദ്ധതി</u>:- പ്രസ്തുത പദ്ധതിയുടെ ഭാഗമായി 90580 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിലും 1167.10 ഹെക്ടറിൽ തരിശ് നിലകൃഷിയും, 113 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷിയും 349 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂ കൃഷി - ഇരുപ്പൂകൃഷി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി നെൽവിത്ത്, ഉഴവുകൂലി എന്നിവ നൽകുന്നുണ്ട്. തൊഴി ലുറപ്പ് പദ്ധതിയുമായി ചേർന്നാണ് കൃഷിപ്പണികൾ ചെയ്യിക്കുന്നത്.<br><br><u>പച്ചക്കറി വികസന പദ്ധതി</u>:- പ്രസ്തുത പദ്ധതി |

| | |
|---|---|
| | പ്രകാരം ആകെ 81 ക്ലസ്റ്ററുകളിലായി 405 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി 3.00 ലക്ഷം വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. തരിശ് നിലകൃഷി 66.33 ഹെക്ടർ സ്ഥലത്തും 210 വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടവും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന പദ്ധതി പ്രകാരം 9 പ്രോജക്ടുകൾ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ജൈവകൃഷി വികസനം:- പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവ കൃഷി രീതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ജൈവോത്പന്നങ്ങളുടെ വിപണനത്തിനായി 22 ഇക്കോഷോപ്പുകളും ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി